സ്വീകരിക്കാറുണ്ട്. കൂടിയ കാലയളവിൽ ഫാർമസിസ്റ്റിന്റെ അഭാവത്തിൽ മരുന്ന് വിൽപ്പന നടത്തിയതായി കണ്ടെത്തിയാൽ, ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമം/ചട്ടം പ്രകാരം പ്രോസിക്യൂഷൻ നടപടികളും സ്വീകരിക്കാറുണ്ട്.

**ജനനി-അഫോർഡബിൾ ഹൗസിംഗ് സ്കീം**

25 (*385) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പ് ജനനി-അഫോർഡബിൾ ഹൗസിംഗ് സ്കീം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതിവഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ) :

(എ&ബി) ഉണ്ട്. വർദ്ധിച്ച സ്ഥലവില, നിർമ്മാണ സാധനങ്ങളുടെ വിലവർദ്ധനവ് എന്നിവമൂലം സ്വന്തം വീട് എന്ന ആവശ്യം യാഥാർത്ഥ്യമാക്കാൻ വിഷമിക്കുന്ന വീടില്ലാത്ത താഴ്ന്ന വരുമാനക്കാരായ ജീവനക്കാർക്കും തൊഴിലാളികൾക്കും വേണ്ടിയാണ് ജനനി-അഫോർഡബിൾ ഹൗസിംഗ് സ്കീം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ചെലവ് കുറഞ്ഞ ഏകദേശം 600-700 Sq-Feet വിസ്തീർണ്ണം ഉള്ള 2 ബെഡ്റൂമോട് കൂടിയ ഫ്ളാറ്റ് മോഡൽ വീടുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഇവർക്ക് പൊതുസ്ഥലം, കിന്റർഗാർട്ടൻ, വേസ്റ്റ് ഡിസ്പോസൽ സൗകര്യങ്ങൾ, ബയോഗ്യാസ് പ്ലാന്റ്, മഴവെള്ള സംഭരണി എന്നീ സൗകര്യങ്ങളും പൊതുവായി നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് 1956-ലെ കമ്പനി നിയമപ്രകാരം (സെക്ഷൻ-25) "ഭവനം ഫൗണ്ടേഷൻ കേരള" എന്ന കമ്പനി 11-1-2014-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. 2013-14 ബഡ്ജറ്റിൽ സംസ്ഥാന ഗവൺമെന്റ് 20 കോടി രൂപ ഈയിനത്തിൽ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly